# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3799
## 15.03.2017- ലെ മറുപടിക്ക്

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) 2011-16 കാലയളവിൽ ഇരിക്കൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച് 25 കോടി രൂപയുടെ പദ്ധതികളിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്താമോ ? | 2011-16 കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും 50 പ്രവൃത്തികൾക്കായി 1974.98 ലക്ഷം രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ വിവിധ ഭരണ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. |
| (ബി) 2015 - 16 കാലഘട്ടത്തിൽ 6 ഗവൺമെന്റ് സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങാൻ 15 ലക്ഷം രൂപ വീതം 90 ലക്ഷം രൂപ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ അനുവദിച്ചുകൊണ്ട് എം.എൽ.എ. എന്നാണ് കത്ത് നൽകിയത് എന്നും ഈ ബസ്സുകൾ വാങ്ങാൻ അനുമതി നൽകാൻ ഇത്രയേറെകാലതാമസം ഉണ്ടാകാൻ കാരണമെന്താണ് ? | ബഹു. എം.എൽ.എ യുടെ 21/08/2015 ലെ കത്ത് 04/09/2015-ലാണ് പൊതു വിദ്യാഭ്യാസവകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൻ പ്രകാരം 18/09/2015 -ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ക്വട്ടേഷനുകൾ സമർപ്പിക്കാനായി നിർദ്ദേശിച്ചിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ 20/01/2016 -ൽ ക്വട്ടേഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസവകുപ്പ് ഈ വിഷയത്തിൽ അനുമതിയ്ക്കായി 01/02/2016 ന് ധനകാര്യവകുപ്പിന് ഫയൽ നൽകിയിരുന്നു. ഇതിന്മേൽ ധനകാര്യവകുപ്പ് 21/02/16 ന് അംഗീകാരം നൽകിയിട്ടുണ്ട്. 04/03/2016 ലെ G.O(Rt)No.991/16/GEdn. പ്രകാരം ഭരണാനുമതി ഉത്തരവ്, ഭരണവകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) 2016 - 17 സമ്പത്തിക വർഷം ഇരിക്കൂർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ ? | 2016 - 17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 17 വിവിധ പ്രവൃത്തികൾക്ക് ശുപാർശ നൽകുകയും മേൽ ശുപാർശകൾ DPR ഉൾപ്പെടെ സമർപ്പിക്കുവാനായി വിവിധ ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ പ്രവൃത്തികളുടെ DPR ഇതുവരേയും ഭരണവകുപ്പുകളിൽ നിന്നും ലഭ്യമാക്കി യിട്ടില്ലാത്തതിനാൽ ധനാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**